# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1177 21.03.2013- ൽ മറുപടിക്ക്**

**വരൾച്ചാ കെടുതി നിവാരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ ബാധിച്ച വരൾച്ചാ കെടുതി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ; ഈ തുക ഏതെല്ലാം മേഖലയിൽ എങ്ങനെ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ; | (എ) | 2012-2013 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ആകെ 85 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു. കൂടാതെ ജലസേചന വകുപ്പിന് 79 കോടി രൂപയും (എഴുപത്തിയൊമ്പത് കോടി രൂപ മാത്രം) ഭൂജല വകുപ്പിന് 13 കോടി രൂപയും (പതിമൂന്ന് കോടി രൂപ മാത്രം). സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും അനുവദിച്ചു. ഈ തുക വിനിയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനും താരതമ്യേന ചെറിയ തുക ചെലവു വരുന്ന പ്രവർത്തനങ്ങൾക്ക് ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പിന്റെ കീഴിൽ ചെക്ക് ഡാമുകളുടെയും റെഗുലേറ്റർ കം ബ്രിഡ്ജുകളുടെയും നിർമ്മാണം നടന്നു വരുന്നു. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തി ചെയ്യാൻ തദ്ദേശ സ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുകിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും പുനരുദ്ധാരണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വരൾച്ചാ ദുരിതാശ്വാസത്തിന് കേന്ദ്ര സർക്കാരിൽ നിന്നും സഹായം അഭ്യർത്ഥിക്കുകയുണ്ടായോ; | (ബി) | ഉണ്ട്. |
| (സി) | ഇതിനായി എന്തെങ്കിലും പാക്കേജ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | സംസ്ഥാനം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനു ശേഷം നാശനഷ്ടങ്ങളുടെ തോത് കണക്കാക്കി 7888.0965 കോടി രൂപയുടെ അധിക സഹായത്തിനായി കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചാ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി 3936.81 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര സർക്കാർ ഈ ആവശ്യം പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പരിഗണിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ സമർപ്പിച്ച 7888.0965 കോടി രൂപയുടെ കേന്ദ്ര സഹായ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ സ്ഥല പരിശോധനക്ക് വേണ്ടി കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം 17.03.2013 മുതൽ 21.03.2013 വരെ സംസ്ഥാനത്തെ വരൾച്ചാ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. അവരുടെ അന്തിമ റിപ്പോർട്ടനുസരിച്ചുള്ള സഹായം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ